**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **11-09-2023 - ൽ മറുപടിയ്ക്ക്**

**ബീച്ചുകൾ ഉൾപ്പെടെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ബീച്ചിലെ മാലിന്യ കാഴ്ചകൾ വിദേശ വിനോദസഞ്ചാരി സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കുവെച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; നിരവധി വിനോദസഞ്ചാരികൾ എത്തുന്ന ബീച്ച് വൃത്തിയായി സംരക്ഷിക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | **'ആലപ്പുഴ ബീച്ചിലെ മാലിന്യം' എന്ന പേരിൽ സാമൂഹ്യ മാധ്യമത്തിൽ വിഡിയോ പ്രചരിക്കുന്നത് ശ്രദ്ധയിൽപെട്ടത് പരിശോധിച്ചിരുന്നു. എന്നാൽ വിനോദ സഞ്ചാര വകുപ്പ് പരിശോധിച്ച വിഡിയോ ആലപ്പുഴ ബീച്ചിലേത് അല്ലെന്നാണ പരിശോധനയിൽ വ്യക്തമായത്.**<br><br>**'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയ്ൻ' പദ്ധതി പ്രകാരം ആലപ്പുഴ ബീച്ച് ശുചീകരണത്തിനായി 45 കുടുംബശ്രീ പ്രവർത്തകരെ നിയോഗിക്കുകയും, ഇപ്രകാരം ശേഖരിക്കുന്ന മാലിന്യം ദൈനംദിനാടിസ്ഥാനത്തിൽ നീക്കം ചെയ്യാനും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | ബീച്ചുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരകേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ വൃത്തിയായി പരിപാലിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | **വിനോദ സഞ്ചാര കേന്ദ്രങ്ങളെ ആരോഗ്യകരമായി നിലനിർത്താനും ശുചിത്വം ഉറപ്പാക്കാനും ഗുണനിലവാരം ഉയർത്താനുമായി കുടുംബശ്രീകളുടെ സഹകരണത്തോടെ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയ്ൻ' പദ്ധതി നടപ്പാക്കി വരുന്നു.** |
| (സി) | പ്രസ്തുത പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് തുക ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:<br><br>കാലാവധി - തുക (രൂപയിൽ)<br><br>2021 മേയ് മുതൽ 2022 മാർച്ച് വരെ - 8,57,05,530/-<br><br>2022 ഏപ്രിൽ മുതൽ 2023മാർച്ച് വരെ - 9,23,81,323/-<br><br>2023 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ - 4,69,05,675/-<br><br>**ആകെ - 22,49,92,528/-** |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്കു പ്രതിഫലവും യൂണിഫോമും നൽകാനും ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങാനുമാണ് തുക വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ